പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-2858 — 10.05.2017-ലെ മറുപടിയ്ക്ക്

ഭരണാനുമതിക്കായി നൽകുന്ന പ്രൊപ്പോസലുകളിലെ കാലതാമസം

ചോദ്യം — മറുപടി

ശ്രീ.കെ.വി.വിജയദാസ് — ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ബജറ്റിലും ആസ്തി വികസന ഫണ്ടിലും ഉൾപ്പെട്ട് ഭരണാനുമതിക്കായി നൽകുന്ന പ്രൊപ്പോസലുകളിൽ ന്യായീകരിക്കാനാകാത്ത കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | തുടർന്നുള്ള വർഷങ്ങളിൽ ഇപ്രകാരം കാലതാമസം വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ക്രിയാത്മകമായ നടപടി സ്വീകരിയ്ക്കുമോ; | (ബി) & (സി) | നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതി നിർവ്വഹണം ത്വരിതഗതിയിൽ ആക്കുന്നതിന് ആകെ സംസ്ഥാന പദ്ധതി വിഹിതമായ 26500 കോടി രൂപയിൽ 1516.88 കോടി രൂപയുടെ പദ്ധതികൾ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനു വേണ്ടി 18/01/2017 ലെ സ.ഉ(പി)നം.04/2017/ധന. ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പിന്റെ സാമ്പത്തികാധികാരം 5 കോടിയിൽനിന്നും 10 കോടിയായും, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ സാമ്പത്തികാധികാരം 10 കോടയിലധികമുള്ള പ്രോജക്ടുകൾക്കായും നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വർക്കിംഗ് ഗ്രൂപ്പ്, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ സമയബന്ധിതമായി നടത്തുന്നതിനായി 31/03/2017 ൽ |

| | | | |
|---|---|---|---|
| | | | സർക്കുലർ നമ്പർ 22/2017/ധന. പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെട്ടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ 05/04/2017 ൽ ബഹു.മുഖ്യമന്ത്രി വിളിച്ചുചേർത്ത സെക്രട്ടറിമാരുടെ മീറ്റിംഗിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.<br>1. ആകെ പദ്ധതി വിഹിതത്തിന്റെ 60 ശതമാനം തുകയ്ക്കും ജൂൺ 2017 ന് മുമ്പ് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിരിക്കണം.<br>2. ജൂലൈ 2017 ന് മുമ്പ് മുഴുവൻ വർക്കിംഗ് ഗ്രൂപ്പുകളും ചേരേണ്ടതാണ്.<br>3. സെപ്റ്റംബർ 2017 ന് മുമ്പ് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പുകൾ പൂർത്തീകരിക്കേണ്ടതാണ്.<br>4. ആർ.ഐ.ഡി.എഫ് പദ്ധതികളുടെ ഭരണാനുമതി ജൂൺ/ജൂലൈ മാസത്തിൽ നൽകേണ്ടതാണ്.<br>5. 2017 മെയ് അഞ്ചാം തീയതിക്കകം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് ഡി.പി.സി അംഗീകാരം ലഭ്യമാക്കേണ്ടതാണ്. |
| (സി) | ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം വരുന്ന സാഹചര്യത്തിൽ പദ്ധതി പൂർത്തീകരിക്കുവാനും കാലതാമസം നേരിടേണ്ടി വരുന്നുണ്ട് എന്ന സാഹചര്യം ഒഴിവാക്കി സമയബന്ധിതമായി ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഒരു സ്റ്റാറ്റ്യൂട്ടറി ഷെഡ്യൂൾ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിയ്ക്കുമോ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ